പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3322 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ സമഗ്രപുനരുദ്ധാരണ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>" ഷാഫി പറമ്പിൽ<br>" ഐ.സി.ബാലകൃഷ്ണൻ<br>" അനിൽ അക്കര | എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കടഭാരം ഏറ്റെടുക്കും, സമഗ്രപുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കും, സമയബന്ധിതമായി പെൻഷൻ ലഭിക്കുമെന്ന് ഉറപ്പുവരുത്തും എന്നീ ഇടതുമുന്നണി പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (എ) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്താൻ ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തി. കൂടാതെ, ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധിക |

| | | | |
|---|---|---|---|
| | | | മോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർ മാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തിവരുന്നത്. |
| (ബി) | ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ ഇതിനുള്ള കാരണം എന്താണ്; | (ബി) | (എ) പിരിവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. ക്ക് എന്തെങ്കിലും പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | പെൻഷൻ നൽകുന്നതിനായി സർക്കാർ നൽകിയിരുന്ന വായ്പ 20 കോടി രൂപയിൽ നിന്നും 8/2016 മുതൽ 27.5 കോടി രൂപയായും, 2/2017 മുതൽ ടി തുക 30 കോടി രൂപയായും വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ട്. |
| (ഡി) | 2011-16 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രത്യേക ധനസഹായമായി എന്ത് തുകയാണ് അനുവദിച്ചിരുന്നത്? | (ഡി) | 2011-16 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാരിൽ നിന്നും അനുവദിച്ച ധനസഹായത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(തുക കോടി രൂപയിൽ)

| വർഷം | വായ്പ | പദ്ധതി വിഹിതം | ഗ്രാന്റ് / സബ്സിഡി | ആകെ |
|---|---|---|---|---|
| 2011-12 | 140.00 | 42.00 | 32 | 214.00 |
| 2012-13 | 175.00 | 57.07 | 28 (ഡീസൽ സബ്സിഡി) | 260.07 |
| 2013-14 | 425.00 | 59.00 | - | 484.00 |
| 2014-15 | 266.41 | 65.42 | - | 331.83 |
| 2015-16 | 349.40 | 39.55 | - | 388.95 |
| ആകെ | **1355.81** | **263.04** | **60** | **1678.85** |

സെക്ഷൻ ഓഫീസർ